"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2023 വർഷത്തെ ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.207/2023/F&WLD തീയതി,തിരുവനന്തപുരം, 27-05-2023

---

പരാമർശം:- 1. 24/7/2019-ലെ സ.ഉ.(സാധാ)278/2019/വനം നമ്പർ സർക്കാർ ഉത്തരവ്.

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 18/5/2023-ലെ പ്രൊ (4)-292732/2022 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പുന:പരിശോധിക്കുന്നതിനായി ഉന്നതതലയോഗം ചേരുകയും, ടി വിഷയത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ഈറ്റയുടെ പുതുനാമ്പുകൾ മുളപൊട്ടുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ഈറ്റ ശേഖരണം ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നും, കാട്ടാനയുടെ ആവാസകേന്ദ്രങ്ങളായ ഈറ്റക്കാടുകളെ നശിപ്പിക്കുകയും, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കുമെന്നും, ഭാവിയിൽ ഈറ്റയുടെ ലഭ്യത കുറയുന്നതിന് കാരണമാകുമെന്നും പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) സർക്കാരിനെ അറിയിക്കുകയുണ്ടായി.

2) ഉന്നതതലയോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽസർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻവർഷങ്ങളിൽ വർക്കിംഗ് പ്ലാൻ പ്രകാരം അനുവദിച്ച ഈറ്റ അനുകൂല കാലാവസ്ഥ അല്ലാതിരുന്നതിനാൽ ശേഖരിക്കാൻ കഴിഞ്ഞില്ല എന്നത് ഉൾപ്പെടെ ബാംബൂ കോർപ്പറേഷൻ ചൂണ്ടിക്കാണിച്ച വസ്തുതകളും, ഇപ്പോഴത്തെ സാഹചര്യങ്ങളും കൂടി പരിഗണിച്ചുകൊണ്ട് ഈ വർഷത്തേയ്ക്ക് മാത്രം ക്ലോഷർ പീരീഡിൽ ഈറ്റ ശേഖരണത്തിന് അനുമതി നൽകിക്കൊണ്ടും, വരും വർഷങ്ങളിൽ ക്ലോഷർ പീരിഡിന് മുമ്പ് മൂന്ന് മാസത്തേയ്ക്ക് മുൻകൂട്ടി ഈറ്റ ശേഖരിച്ച് കേടുകൂടാതെ സൂക്ഷിക്കുവാനുള്ള നടപടി ബാംബൂ കോർപ്പറേഷൻ കൈക്കൊള്ളേണ്ടതാണെന്നും, 2023-ലെ ക്ലോഷർ പീരിഡിൽ ഏതൊക്കെ ഡിവിഷനുകളിൽ

നിന്നും എത്ര അളവിൽ ഈറ്റ ശേഖരിക്കാൻ അനുമതി നൽകണമെന്നുമുള്ള കാര്യം തീരുമാനിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-നെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

ചെയർമാൻ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, അങ്കമാലി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 27-05-2023 17:22:15
സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന് / ബഹു.വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് /ബഹു.വ്യവസായ വകുപ്പു മന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്/ വ്യവസായ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിന്.